**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 10** **12-01-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് പ്രതിസന്ധി മറികടക്കാൻ നടത്തിയ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പ്രദീപ് കുമാർ ,<br>ശ്രീ. കെ.യു. ജനീഷ് കുമാർ,<br>ശ്രീ. കെ. സുരേഷ് കുറുപ്പ് ,<br>ശ്രീ കെ. കുഞ്ഞിരാമൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കോവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധി മറികടക്കാനായി പ്രഖ്യാപിച്ച ആദ്യ നൂറുദിന പരിപാടികളുടെ പുരോഗതി വിലയിരുത്തിയിരുന്നോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | കോവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധി മറികടക്കാനായി പ്രഖ്യാപിച്ച ആദ്യഘട്ട നൂറുദിന കർമ്മപരിപാടിയുടെ പുരോഗതി മന്ത്രിമാരെയും ചീഫ് സെക്രട്ടറിയെയും ബന്ധപ്പെട്ട വകുപ്പ സെക്രട്ടറിമാരെയും ഉൾപ്പെടുത്തി മൂന്ന് അവലോകന യോഗങ്ങൾ 13.10.2020, 10.11.2020, 02.12.2020 എന്നീ തീയതികളിൽ മുഖ്യമന്ത്രി വിളിച്ച ചേർക്കുകയുണ്ടായി. കൂടാതെ, വകുപ്പ മന്ത്രിമാരും സെക്രട്ടറിമാരും അവരവരുടെ തലങ്ങളിൽ നൂറുദിന കർമ്മപരിപാടിയുടെ പുരോഗതി അവലോകനം ചെയ്ത് സമയാസമയങ്ങളിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകി പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടികളെടുത്തിട്ടുണ്ട്. |
| (ബി) | കാർഷികേതര മേഖലയിൽ നൂറുദിവസം കൊണ്ട് അമ്പതിനായിരം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള അതിജീവനം കേരളീയം പദ്ധതി കൈവരിച്ച നേട്ടം അറിയിക്കാമോ; | (ബി) | 50,000 തൊഴിലവസരങ്ങൾ പരിപാടിയുടെ ഭാഗമായി സൃഷ്ടിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. പരിപാടിയുടെ ഭാഗമായി ലക്ഷ്യത്തെക്കാൾ ഇരട്ടിയിലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. 1,21,083 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | പണമില്ലാതെ ജനങ്ങൾ പട്ടിണിയാകാതിരിക്കാൻ സർക്കാർ നടത്തിയ ഇടപെടലിനെക്കുറിച്ച് വിശദമാക്കാമോ? | (സി) | കേരളത്തിൽ ഒരാളും പട്ടിണികിടക്കാൻ പാടില്ല എന്ന സർക്കാർ നയത്തിന്റെ ഭാഗമായി പ്രതിമാസ സൗജന്യ ഭക്ഷ്യകിറ്റ് വിതരണം പൊതുവിതരണ സമ്പ്രദായത്തിലൂടെ ഫലപ്രദമായി നടപ്പാക്കുകയും ലോക്ഡൗൺ ഘട്ടത്തിൽ സാമൂഹിക അടുക്കള, സൗജന്യ റേഷൻ, സംസ്ഥാനത്ത് ആരംഭിച്ച ജനകീയ ഹോട്ടൽ വഴി പണം മുടക്കാൻ കഴിയാത്തവർക്ക് സൗജന്യഭക്ഷണം നൽകൽ, സാമൂഹ്യസുരക്ഷാ പെൻഷൻ, വെൽഫെയർ |

| | | | |
|---|---|---|---|
| | | | പെൻഷൻ തുടങ്ങിയവ കൃത്യസമയത്ത് വിതരണം ചെയ്യുകയും ഒരാനുകൂല്യത്തിനും അർഹതയില്ലാത്ത ബി.പി.എൽ. കാർഡുടമകൾക്ക് 1000 രൂപ വീതം 14,85,000 കുടുംബങ്ങൾക്ക് ഒറ്റത്തവണ സമാശ്വാസമായി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**100 ദിവസങ്ങൾ 100 പദ്ധതികൾ**

**Date: 07 Jan 2021**

| **സർക്കാർ/പൊതു മേഖലയിൽ നിയമനം നൽകിയവരുടെ വിവരങ്ങൾ (ഒന്നാം ഘട്ടം)** | | | |
|---|---|---|---|
| **ഭരണ വകുപ്പ് തിരിച്ചുള്ള പട്ടിക** | | | |
| **ക്രമ നമ്പർ** | **ഭരണ വകുപ്പ്** | **ആകെ ഉദ്ദേശിച്ചിരിക്കുന്ന തൊഴിലവസരങ്ങൾ** | **ആകെ ലഭ്യമാക്കിയിരിക്കുന്ന തൊഴിലവസരങ്ങൾ** |
| 1 | ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് | 8021 | 8021 |
| 2 | പട്ടികജാതി വികസന വകുപ്പ് | 63 | 63 |
| 3 | കായിക, യുവജനകാര്യ വകുപ്പ് | 15 | 15 |
| 4 | ധനകാര്യ വകുപ്പ് | 1000 | 1039 |
| 5 | വ്യവസായ വകുപ്പ് | 841 | 841 |
| 6 | ആഭ്യന്തര വകുപ്പ് | 1036 | 1036 |
| 7 | വൈദ്യുതി വകുപ്പ് | 230 | 230 |
| 8 | ഗതാഗത വകുപ്പ് | 38 | 38 |
| 9 | നികുതി (ഇ) വകുപ്പ് | 72 | 72 |
| 10 | കാർഷിക വികസന കർഷകക്ഷേമ വകുപ്പ് | 143 | 143 |
| 11 | സാംസ്കാരിക വകുപ്പ് | 75 | 75 |
| 12 | സഹകരണ വകുപ്പ് | 19 | 19 |
| 13 | മത്സ്യബന്ധന വകുപ്പ് | 834 | 834 |
| 14 | ഇലക്ട്രോണിക്സ് ആന്റ് വിവരസാങ്കേതിക വിദ്യ വകുപ്പ് | 13 | 13 |
| 15 | തദ്ദേശ സ്വയംഭരണ വകുപ്പ് | 253 | 253 |
| 16 | തൊഴിലും നൈപുണ്യവും വകുപ്പ് | 1763 | 1763 |
| 17 | കുടുംബശ്രീ | 393 | 393 |
| 18 | ആരോഗ്യ കുടുംബക്ഷേമ വ കുപ്പ് | 3069 | 3069 |
| 19 | ഉൾനാടൻ ജലഗതാഗത വകുപ്പ് | 2 | 2 |
| 20 | വനം-വന്യജീവി വകുപ്പ് | 37 | 37 |
| 21 | പൊതു വിദ്യാഭ്യാസ വ കുപ്പ് | 8968 | 4962 |
| | **Total** | **26885** | **22918** |

| സംരംഭകത്വ മേഖലയിൽ തൊഴിൽ നൽകിയവരുടെ വിവരങ്ങൾ (ഒന്നാം ഘട്ടം) | | | |
|---|---|---|---|
| ഭരണ വകുപ്പ് തിരിച്ചുള്ള പട്ടിക | | | |
| **ക്രമ നമ്പർ** | **ഭരണ വകുപ്പ്** | **ആകെ ഉദ്ദേശിച്ചിരിക്കുന്ന തൊഴിലവസരങ്ങൾ** | **ആകെ ലഭ്യമാക്കിയിരിക്കുന്ന തൊഴിലവസരങ്ങൾ** |
| 1 | പിന്നോക്ക സമുദായ വികസന വകുപ്പ് | 3835 | 3835 |
| 2 | സഹകരണ വകുപ്പ് | 19292 | 19292 |
| 3 | പട്ടികജാതി വികസന വകുപ്പ് | 1419 | 1419 |
| 4 | ധനകാര്യ വകുപ്പ് | 1635 | 1635 |
| 5 | വ്യവസായ വകുപ്പ് | 28946 | 28946 |
| 6 | മത്സ്യ ബന്ധന വകുപ്പ് | 842 | 842 |
| 7 | ഇലക്ട്രോണിക്സ് & വിവരസാങ്കേതികവിദ്യ വകുപ്പ് | 1627 | 1627 |
| 8 | തൊഴിലും നൈപുണ്യവും വകുപ്പ് | 24 | 24 |
| 9 | കുടുംബശ്രീ | 36669 | 36669 |
| 10 | സാമൂഹ്യനീതി വകുപ്പ് | 3876 | 3876 |
| **Total** | | **98165** | **98165** |